06.01.2024

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 06/01/2024

1. കേരള കാർഷിക സർവ്വകലാശാലയും, കൃഷി വകുപ്പും ചേർന്നൊരുക്കുന്ന "പൂപ്പൊലി 2024" വയനാട് ജില്ലയിൽ തുടക്കം കുറിച്ചു. വൈവിധ്യമാർന്ന അലങ്കാരവർണ്ണ പുഷ്പങ്ങളുടെ പ്രദർശനമാണ് ഈ മേളയുടെ പ്രധാന ആകർഷണം. ഇതോടൊപ്പം തന്നെ കാർഷിക മേഖലയുടെ പ്രാധാന്യം വിളിച്ചോതുന്നതും, നൂതന സാങ്കേതിക വിദ്യകളിലൂടെ വികസിപ്പിച്ചെടുത്ത വിത്തുകളുടെയും സസ്യങ്ങളുടെയും പ്രദർശനവും, വിപണനവും ഇതിന്റെ ഭാഗമായി നടത്തപ്പെടുന്നു. കാർഷിക മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ, അവയുടെ പരിഹാര മാർഗ്ഗങ്ങൾ, കാർഷിക മേഖലയിലെ പുത്തൻ സാങ്കേതിക വിദ്യകൾ എന്നിവയെക്കുറിച്ച് വിദഗ്ധരുടെ നേതൃത്വത്തിലുള്ള സെമിനാറുകളും കർഷകർക്കായി സംഘടിപ്പിക്കുന്നുണ്ട്. വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെയും കർഷകർ, മറ്റ് വിശിഷ്ട വ്യക്തികൾ എന്നിവരുടേതുമടക്കം നിരവധി സ്റ്റാളുകളും സന്ദർശകർക്കായി ഒരുക്കുന്നു. എല്ലാ സായാഹ്നങ്ങളിലും കലാവിരുന്നുകളും പുഷ്പമേളയുടെ ഭാഗമായി നടത്തപ്പെടും.

2. കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ പെൻഷൻ ലഭിക്കാൻ അർഹത ഉള്ളവർക്ക് 2024 ജനുവരി 1 മുതൽ മാർച്ച് 31 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള ക്ഷീരവികസന യൂണിറ്റുമായോ, ജില്ലാ ഗുണനിയന്ത്രണ ഓഫീസറുടെ കാര്യാലയമായോ ബന്ധപ്പെടുക.

3. പീച്ചി അഡാക്ക് സർക്കാർ ഫിഷ് സീഡ് ഹാച്ചറിയിൽ കാർപ്പ്, ആസാംവാള, വരാൽ, അനാബാസ്, കരിമീൻ, ഗിഫ്റ്റ് തിലാപ്പിയ തുടങ്ങിയ ഇനത്തിൽപ്പെട്ട മത്സ്യകുഞ്ഞുങ്ങൾ

വില്പനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ 0487-2960205, 8848887143 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

4. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ 13 പശുക്കളെ 2024 ജനുവരി 9 നു രാവിലെ 11 മണിക്ക് പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നു. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിനു മുൻപായി പശുക്കൾക്ക് 1500 രൂപ നിരതദ്രവ്യമായി ഓഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ് കൂടുതൽ വിവരങ്ങൾക്ക് **04712732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

5. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ജനുവരി 8, 9 തീയതികളിലായി ആട് വളർത്തലിൽ സൗജന്യ പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ പേര് രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് 0479 2457778, 0479 2452277, 8590798131 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. കേരള കാർഷികസർവകലാശാലയുടെ കീഴിലുള്ള തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽ നിന്നും 2024 ജനുവരി 8 മുതൽ 25 വരെ നഴ്സറി ടെക്നിക്സ് (Nursery Techniques) എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പച്ചക്കറി, പഴവർഗ്ഗ അലങ്കാരചെടികളിലെ തൈ ഉത്പാദനം, ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലയറിംഗ്, കീടരോഗനിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയിൽ ക്ലാസ്സുകളും പ്രായോഗിക പരിശീലനവും ലഭിക്കുന്നതാണ്. ഒരു ബാച്ചിൽ 20 പേർക്ക് അവസരം

ലഭിക്കും. പരിശീലന ഫീസ് 2,000/ രൂപ. താത്പര്യമുള്ളവർ **8077268538** എന്ന ഫോൺ നമ്പരിൽ രാവിലെ 9 മുതൽ വൈകിട്ട് 4 വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

7. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ 'പാലിൽ നിന്ന് മൂല്യവർദ്ധിത ലഘുഭക്ഷണങ്ങൾ' (Snacks) എന്ന വിഷയത്തിൽ മണ്ണുത്തി വെറ്ററിനറി കോളേജിലെ ഡയറി സയൻസ് ഡിപ്പാർട്ട്മെന്റിൽ വെച്ച് ജനുവരി 08, 09 തിയ്യതികളിൽ ദ്വിദിന പരിശീലനപരിപാടി സംഘടിപ്പിക്കുന്നു. ഫീസ്: 1000 രൂപ. വിശദവിവരങ്ങൾക്ക് 9744481598 എന്ന നമ്പറിൽ വിളിക്കുക.

8. കൊട്ടിയം ലൈവ്സ്റ്റോക്ക് മാനേജ്മെൻറ് ട്രെയിനിങ് സെൻററിൽ വച്ച് 2024 ജനുവരി മാസം 9, 10 (ചൊവ്വ, ബുധൻ) തീയതികളിൽ 'വളർത്തു നായ്ക്കളുടെ പരിപാലനം' (ബ്രീഡിങ്ങ് &ട്രെയിനിങ്) എന്ന വിഷയത്തിൽ രണ്ടുദിവസത്തെ സൗജന്യപരിശീലനം നൽകുന്നതാണ്. താത്പര്യമുള്ളവർ പ്രവർത്തി ദിവസങ്ങളിൽ നേരിട്ടോ 0474-2537300, 9447525485 എന്ന നമ്പരുകളിലൊന്നിൽ രാവിലെ 10.30 മുതൽ വൈകുന്നേരം 3.30 വരെ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമായിരിക്കും പ്രവേശനം.